# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 443

28.06. 2013 -ൽ മറുപടിയ്ക്ക്

## മ ര ണ  ര ജി സ് ട്രേ ഷ ൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം. എ. വാഹീദ് | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br><br>(ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) മറ്റ് സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം രജിസ്റ്റർ ചെയ്യുന്നതിനുണ്ടാകുന്ന തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് അതിർത്തിയ്ക്ക് വെളിയിൽ നടന്ന മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ 05-09-2011-ലെ W. A No. 121/2008 -ാം നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ജനന-മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ടി ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് സ്വന്തം സ്ഥലത്തെ (ശവസംസ്കാരം നടന്ന ) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് സർക്കാർ 16-10-2012-ൽ 18161/ആർഡി3/2012/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു). |

(സി) മരണ രജിസ്ട്രേഷൻ സംബന്ധിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 12 ാം ചട്ടം അനുസരിച്ച് മരണ റിപ്പോർട്ട് നിശ്ചിത മാതൃകയിലുള്ള മരണറിപ്പോർട്ട് ഫോറത്തിൽ 21 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാലുടൻ അറിവ് നൽകുന്നയാൾക്ക് സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ യാതൊരു ചാർജ്ജും/ഫീസും കൂടാതെ നൽകുന്നതാണ്. ടി സർട്ടിഫിക്കറ്റുകൾ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം അറിവ് നൽകുന്ന വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയിട്ടില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ അറിവ് നൽകുന്നയാൾക്ക് തപാലിൽ അയച്ചുകൊടുക്കുന്നതാണ്.

21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത മരണങ്ങൾ 30 ദിവസം വരെ 2/- രൂപ പിഴയോടുകൂടി ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മരണം നടന്ന് 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ രജിസ്റ്റർ ചെയ്യാത്ത മരണങ്ങൾ മരണ റിപ്പോർട്ടിന്റെ 2 കോപ്പി, നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണ സ്ഥലം/താമസ സ്ഥലം സംബന്ധിച്ച തെളിവുകൾ, രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ എന്നിവ സഹിതം ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി വാങ്ങിയതിനു ശേഷം 5/- രൂപ ലേറ്റ് ഫീസ് ഒടുക്കി മരണം ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മരണം നടന്ന് ഒരു വർഷത്തിനുശേഷം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ മരണ റിപ്പോർട്ടിന്റെ 2 കോപ്പി, ആർ.ഡി.ഒ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള അപേക്ഷ, രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണസ്ഥലം/താമസസ്ഥലം സംബന്ധിച്ച തെളിവുകൾ എന്നിവ സഹിതം ആർ.ഡി.ഒ യുടെ അനുമതി വാങ്ങിയ ശേഷം 10/- രൂപ ലേറ്റ് ഫീ ഒടുക്കി, മരണം ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മരണം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും, അപേക്ഷകന്റെ പേരിൽ വാങ്ങിയ 10/- രൂപയിൽ കുറയാത്ത മുദ്രപ്പത്രം എന്നിവയും ഒരു വർഷത്തേയ്ക്ക് 2/- രൂപ തിരച്ചിൽ ഫീസും (സർട്ടിഫിക്കറ്റുകൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ ശരിയായ രജിസ്ട്രേഷൻ തീയതി വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ തിരച്ചിൽ ഫീസ് ഈടാക്കുന്നതല്ല) 5/- രൂപ പകർപ്പ് ഫീസും ഒടുക്കിയാൽ മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ചാർജ്ജ് നൽകിയാൽ മതിയാകും.

ഓൺലൈൻ സംവിധാനം നിലവിലുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(ഡി) ഇതു നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

(ഡി) ജനന-മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതു സംബന്ധിച്ച വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതിനുള്ള

സംവിധാനം ഇൻഫർമേഷൻ കേരളാ മിഷനുമായി ചേർന്ന് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 135 രജിസ്ട്രേഷൻ യൂണിറ്റുകളിലെ 454 ഹോസ്പിറ്റൽ കിയോസ്കുകൾ വഴി മരണ രജിസ്ട്രേഷനുകൾ നടത്തുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 18161/ആർ.ഡി.3/2012/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി, 16/10/2012

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - രജിസ്ട്രാറുടെ അധികാരപരിധിയ്ക്ക് പുറത്തു നടക്കുന്ന മരണം രജിസ്റ്റർ ചെയ്യുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. ഹൈക്കോടതിയുടെ 05/09/2011-ലെ W.A.No.1201/2008 മേലുള്ള വിധിന്യായം.

2. ചീഫ് ജനന-മരണ രജിസ്ട്രാറുടെ 15/03/2012-ലെ ബി1-4344/12 നമ്പർ കത്ത്.

മറ്റ് സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം സ്വന്തം സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുണ്ടാകുന്ന തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് സൂചന 1-ലെ അപ്പീലിലെ വിധിന്യായത്തിൽ പഞ്ചായത്ത് അതിർത്തിയ്ക്ക് വെളിയിൽ നടന്ന മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതി താഴെ പറയും പ്രകാരം വ്യക്തമാക്കി.

"1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് 7 (2)-ാം വകുപ്പ് പ്രകാരം ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്റ്ററാക്കുന്നതും സംബന്ധിച്ച് രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാര പരിധിയിൽ വരുന്ന ജനന-മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നുള്ളതുമാണ്. അതായത് ആദ്യ പാദത്തിൽ രജിസ്ട്രാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ 8, 9 വകുപ്പുകൾ പ്രകാരം മറ്റാരെങ്കിലും മുഖേന തനിക്കു ലഭിക്കുന്ന വിവരം രേഖപ്പെടുത്താനും രണ്ടാം പാദത്തിൽ രജിസ്ട്രാർ തന്റെ അധികാര പരിധിയ്ക്കുള്ളിലെ എല്ലാ ജനന-മരണങ്ങളും സ്വയമേവ ബോദ്ധ്യപ്പെട്ട് രജിസ്റ്ററിൽ ചേർക്കാനും ബാധ്യസ്ഥനാണ്. ആയതിനാൽ പ്രസ്തുത വകുപ്പിന്റെ ആദ്യ പാദത്തിലെ പ്രവർത്തന വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെടുന്നില്ല. അതേ സമയം രണ്ടാം ഭാഗത്തിന്റെ വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെട്ടിരിക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ ആദ്യത്തേതിൽ അയാൾക്ക് വിവരങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നതെങ്കിൽ രണ്ടാമത്തേതിൽ വിവരങ്ങൾ അയാൾ സ്വയം അറിഞ്ഞ് ബോധ്യപ്പെടേണ്ടതാണ്. കൂടാതെ വകുപ്പ് 7 (2) ന്റെ രണ്ടാം പാദം ആരംഭിക്കുന്നത് "ഇതിനു പുറമെ" (also) എന്ന പദത്തോടുകൂടി ആണ്. ഇത് അർത്ഥമാക്കുന്നത് ഒന്നാം പാദത്തിലെ കർത്തവ്യത്തിനു പുറമെയാണ് രണ്ടാം പാദത്തിലെ കർത്തവ്യമെന്നാണ്."

2. ബഹു.ഹൈക്കോടതിയുടെ മേൽ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

ജനന-മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ The Registration of Births & Deaths ആക്റ്റ് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ടി.ജെ. മാത്യു
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്:
1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ